# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5489 — 04.07.2013-ൽ മറുപടിയ്ക്ക്

### ചീരക്കുഴി തടയണ നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| a) ചേലക്കര മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിരുന്ന ചീരക്കുഴി തടയണ നിർമ്മാണ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | എ), ബി) & സി) | ചീരക്കുഴി തടയണ നിർമ്മാണ പദ്ധതിയ്ക്ക് 2013-2014 വർഷത്തെ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിക്കുന്നതിന് പ്ലാനിംഗ് ബോർഡിലേക്ക് ശുപാർശ ചെയ്തിരുന്നുവെങ്കിലും ഉൾപ്പെടുത്തിയില്ല. 2.75 കോടി രൂപയുടെ എസ്റ്റിമേറ്റ് വരുന്ന ടി പ്രവൃത്തിക്ക് പ്രത്യേക ശീർഷകം ആവശ്യമാണ്. മേൽ സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർ (ഐ&എ) ഏറ്റെടുക്കുന്ന ചെക്ക് ഡാമുകളുടെ കൂട്ടത്തിൽ ഈ പ്രൊപ്പോസൽ കൂടി ഉൾപ്പെടുത്തുന്നതിന് വേണ്ടി ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| b) ബഹു: മുഖ്യമന്ത്രിയും ജലവിഭവ വകുപ്പു മന്ത്രിയും ഉൾപ്പെടെ പങ്കെടുത്തിട്ടുള്ള. യോഗങ്ങളിൽ പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം ഭരണാനുമതി നല്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിരുന്നോ ; | | |
| c) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുവാനും സമയബന്ധിതമായി നിർമ്മാണം ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ